**മധുരമായ കുട്ടികളേ - ബാബ തന്നെ സദ് ഗുരുവിന്റെ രൂപത്തിൽ *നിങ്ങൾ കുട്ടികൾക്ക് ഗ്യാരണ്ടി* നൽകുന്നു, കുട്ടികളേ ഞാൻ നിങ്ങളെ എന്നോടൊപ്പം കൂടെ കൊണ്ട് പോകും, ഈ ഉറപ്പ് ഒരു ദേഹധാരിക്കും നൽകാൻ സാധിക്കില്ല.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ഈ കഥ കേട്ടുകൊണ്ടിരിക്കുകയാണ്, ഇത് എപ്പോൾ പൂർത്തിയാകും?
**ഉത്തരം:-** നിങ്ങൾ ഫരിസ്തയാകുന്നത് വരെ. പതിതരെയാണ് കഥ കേൾപ്പിക്കുന്നത്. എപ്പോൾ പാവനമാകുന്നോ അപ്പോൾ പിന്നെ കഥയുടെ ആവശ്യമില്ല, അതുകൊണ്ട് സൂക്ഷ്മവതനത്തിൽ ശങ്കരൻ പാർവ്വതിയെ കഥ കേൾപ്പിച്ചു - ഇങ്ങനെ പറയുന്നത് തന്നെ തെറ്റാണ്.

**ചോദ്യം:-** ശിവബാബയുടെ മഹിമയിൽ ഏതൊരു ശബ്ദം ശരിയാണ്, ഏതൊന്നു തെറ്റാണ്?
**ഉത്തരം:-** ശിവബാബയെ അഭോക്താവ്, നിശ്ചിന്തൻ, ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും എന്ന് പറയുന്നത് ശരിയാണ്. അകർത്താവെന്ന് പറയുന്നത് ശരിയല്ല എന്തുകൊണ്ടെന്നാൽ ബാബ പതിതരെ പാവനമാക്കുന്നു.

**ഗീതം:-** ഉപേക്ഷിക്കൂ ആകാശ സിംഹാസനം....

**ഓം ശാന്തി.** ഇത് കുട്ടികളുടെ വിളിയാണ്, ബാബാ വരൂ ഞങ്ങൾ വീണ്ടും രാവണ രാജ്യത്തിൽ ദുഃഖികളാണ്. വീണ്ടും മായയുടെ നിഴൽ വീണിരിക്കുന്നു അർത്ഥം 5 വികാരങ്ങളാകുന്ന രാവണൻ ഞങ്ങളെ വളരെ ദുഃഖിയാക്കിയിരിക്കുന്നു. തിരിച്ച് ബാബ പറയുന്നു ശരിയാണ് കുട്ടികളേ, ഇത് എന്റെ നിയമമാണ്. തീർച്ചയായും ഇവിടെ വന്ന് തന്നെയല്ലേ പറയുക. കുട്ടികളേ, എപ്പോഴാണോ ഭൂമിയിൽ ഭാരതവാസി തീർത്തും തന്നെ ഭ്രഷ്ടാചാരിയും ദുഃഖിയുമാകുന്നത്, സദ്ഗതിക്കായി എത്ര ഗുരുക്കൻമാരുടെയടുക്കലേക്കാണ് പോകുന്നത്, എന്നാൽ അവർ ആരുടെയും സദ്ഗതി ചെയ്യുന്നില്ല. എല്ലാ അന്ധരുടെയും വടി ഒരു പ്രഭു മാത്രമാണ്. ഏറ്റവും ആദ്യം ബാബ ജന്മം നൽകുന്നു അർത്ഥം ദത്തെടുക്കുന്നു, പിന്നീട് ഗുരു സദ്ഗതി നൽകുന്നു. ഇപ്പോൾ സദ്ഗതി നൽകുന്ന ഒരു പിതാവും തന്നെയില്ല. ഇപ്പോൾ നിങ്ങൾ പറയുന്നു പരംപിതാ പരമാത്മാ നമ്മുടെ പിതാവുമാണ്, ഗുരുവുമാണ്. ആ ഒരാളെ മാത്രമാണ് സദ്ഗുരുവെന്നും, സത്യമായ പിതാവെന്നും പറയാൻ സാധിക്കുന്നത്. അതാണ് സത്യമായ പിതാവ്, ആ പിതാവിനെയാണ് *സുപ്രീം* എന്ന് പറയുന്നത്. സദ്ഗുരുവുമാണ്. കൂടെ കൊണ്ട് പോകുന്നു. *ഗ്യാരണ്ടിയാണ്,* ഞാൻ നിങ്ങൾ ആത്മാക്കളെ തിരിച്ച് കൊണ്ട് പോകും എന്ന് മറ്റൊരു ഗുരുവും ഒരിക്കലും *ഗ്യാരണ്ടി* ചെയ്യില്ല . അവർക്കറിയില്ല. ഇതെല്ലാം പുതിയ കാര്യങ്ങളാണ്. നിങ്ങൾ എപ്പോൾ ഇദ്ദേഹത്തെ (ബ്രഹ്മാബാബ) കാണുന്നുവോ അപ്പോൾ ബുദ്ധിയിൽ ശിവബാബയെ ഓർമ്മിക്കണം. അതാണ് അച്ഛനും, *ടീച്ചറും*, ഗുരുവും. മനുഷ്യർ ഗുരുവിനെ സ്വീകരിക്കുമ്പോഴും, *ടീച്ചറെ* സ്വീകരിക്കുമ്പോഴും അവരുടെ ശരീരത്തെ തന്നെയാണ് കാണുന്നത്. ആത്മാവ് തന്നെയാണ് വ്യത്യസ്തമായ ശരീരം ധരിച്ച്, ഭിന്ന-ഭിന്ന നാമ-രൂപ ദേശകാലങ്ങളിലേക്ക് പോകുന്നത്. ബാബ ഒന്നാണ് ഒരേഒരു പ്രാവശ്യവുമാണ് വരുന്നത്. പുനർജന്മ രഹിതനാണ്. സംസ്ക്കാരം ആത്മാവിലുണ്ട്. ശരീരം ധാരണ ചെയ്യുമ്പോഴല്ലേ അതിന്റെ വർണ്ണനയുണ്ടാകുന്നത്. നിങ്ങൾ കുട്ടികൾ ബാബയുടെ മഹിമ പാടുന്നു - ബാബ നിരാകാരനാണ്, സാകാര ശരീരം എടുക്കുന്നില്ല. ശിവന് സ്വന്തമായി ശരീരമില്ല. എന്നാൽ ജ്ഞാനത്തിന്റെ സാഗരനാണ്, പതിത-പാവനനാണ്, സത്ഗുരുവാണ്. അച്ഛനുമാണ്, രാജയോഗവും പഠിപ്പിക്കുന്നു. ആരാണോ ബ്രഹ്മാണ്ഢത്തിന്റെയും, മുഴുവൻ വിശ്വത്തിന്റെയും അധികാരിയായിട്ടുള്ളത് അവർക്കല്ലേ സ്വർഗ്ഗത്തിന്റെ അധികാരിയാക്കാൻ സാധിക്കുക. ശരീരധാരിക്ക് ആക്കാൻ സാധിക്കില്ല. കുട്ടികൾക്കല്ലാതെ മറ്റാർക്കും ബാബയെ അറിയില്ല. നിങ്ങൾ പറയും പരമാത്മാവ് ഞങ്ങളെ പഠിപ്പിക്കുന്നു. അപ്പോൾ പറയും നിരാകാരനായ പരമാത്മാവ് ശരീരത്തിൽ വരുന്നുണ്ടെന്ന് ഒരു ശാസ്ത്രത്തിലും പറയുന്നില്ലല്ലോ. നോക്കൂ ശിവജയന്തിയുടെ മഹിമ പാടാറുണ്ട്. ഗീതത്തിലും രൂപം മാറി വരാൻ പറയുന്നുണ്ട്. എങ്കിൽ ഏത് ശരീരത്തിൽ, ഏത് രൂപത്തിലാണ് വന്നത്? നിങ്ങളുടേത് കർമ്മബന്ധനത്തിന്റെ ശരീരമാണ്. നല്ല കർമ്മത്തിലൂടെ നല്ല പദവി, മോശം കർമ്മത്തിലൂടെ മോശം പദവി ലഭിക്കുന്നു, ബാബയെ പ്രതി ഇങ്ങനെ പറയില്ല. മനുഷ്യർ തീർച്ചയായും പുനർജന്മം എടുക്കുന്നുണ്ട്. ബാബ എടുക്കുന്നില്ല. ബാബ ഈ ശരീരത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. പറയുന്നുമുണ്ട് ശിവബാബ ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യുന്നു. ശിവൻ നിരാകാരനാണ്, എങ്ങനെയാണ് ബ്രഹ്മാവിലൂടെ ചെയ്യുന്നത്? എന്താ മുകളിലിരുന്ന് പ്രേരണ നൽകുകയാണോ? രാജയോഗം പഠിപ്പിക്കുന്നതിനായി പതിത ലോകത്തിലേക്ക് വരികയാണെങ്കിൽ ഏത് ശരീരത്തിലേക്കാണ് വരുന്നത്. നിങ്ങൾ കുട്ടികൾക്കറിയാം

ബാബ വന്നിരിക്കുന്നു, നമ്മൾ ബാബയിൽ നിന്നാണ് കേൾക്കുന്നത്. ബാബ ഈ ബ്രഹ്മാമുഖത്തിലൂടെയാണ് കേൾപ്പിക്കുന്നത് മറ്റെല്ലാവരും ദേഹധാരി ഗുരുക്കൻമാരുടെ പേരാണ് പറയുക. നിങ്ങൾക്കറിയാം നിരാകാരനായ ശിവനാണ് നമ്മുടെ പിതാവ്. ആദ്യം ജന്മം നൽകുന്ന പിതാവല്ലേ വേണ്ടത്. ശിവബാബ പ്രജാപിതാ ബ്രഹ്മാവിലൂടെ ദത്തെടുക്കുന്നു. പ്രജാപിതാവിന്റെ ശരീരത്തിലൂടെ ഇത്രയും കുട്ടികൾ ഉണ്ടാകുക സാധ്യമല്ല. പ്രജാപിതാ ബ്രഹ്മാവിന് വളരെയധികം കുട്ടികളുണ്ട്. ബ്രാഹ്മണകുലം വളരെ വലുതാണ്, ആ ബ്രാഹ്മണർ പിന്നീട് ദേവതയാകും. ദേവതയായി കഴിഞ്ഞാൽ പിന്നീട് ദത്തെടുക്കൽ ഉണ്ടാകില്ല. ദത്തെടുക്കുന്നത് ഇപ്പോഴാണ്. എത്ര ബ്രാഹ്മണരാണുള്ളത്.

കുട്ടികൾക്കറിയാം നമ്മൾ ശിവബാബയുടെ അടുത്ത് വന്നിരിക്കുകയാണ്. ബാബ *നോളജ്ഫുളാണ്.* പറയുന്നു ഞാൻ നിങ്ങൾ കുട്ടികളെ മാത്രമാണ് ഈ ജ്ഞാനം കേൾപ്പിക്കുന്നത്. എനിക്ക് സ്വന്തമായി ശരീരമില്ല. ശിവ ജയന്തി ആഘോഷിക്കാറുണ്ട് എന്നാൽ എങ്ങനെയാണ് ശിവബാബ വന്നത്, ഇതാർക്കും അറിയില്ല. ശിവരാത്രിയെന്നും പറയുന്നുണ്ട്. കൃഷ്ണന്റെ ജയന്തിയും രാത്രിയിൽ കാണിക്കാറുണ്ട്. ശിവ ജയന്തിക്ക് ശേഷം ഉടനെ കൃഷ്ണന്റെ ജന്മമുണ്ടാകുന്നു. ശിവന്റെ ജന്മം സംഗമത്തിലാണ്. ബ്രഹ്മാവിന്റെ രാത്രി പൂർത്തിയായി വീണ്ടും പകലാരംഭിക്കുന്നു. ആ സംഗമത്തിലാണ് ബാബ വരുന്നത്. ഇതാണ് പരിധിയില്ലാത്ത രാത്രി, അത് പരിധിയുള്ളതാണ്. അരകൽപം പകൽ, അരകൽപം രാത്രി. ഭക്തിമാർഗ്ഗത്തിൽ കഷ്ടപ്പെട്ടു കൊണ്ടുകൊണ്ടേയിരിക്കുന്നു, ഭഗവാനെ ലഭിച്ചില്ല അപ്പോൾ അന്ധകാരം തന്നെയല്ലേ. തീർത്തും തന്നെ ബുദ്ധിഹീനരാണ്. പാടുന്നുമുണ്ട് പരംപിതാ പരമാത്മാവ് മുകളിലാണ്... പിന്നീട് പറയുന്നു തീർത്ഥ യാത്രയിലൂടെയും ഭഗവാനെ ലഭിക്കും. ദാന-പുണ്യത്തിലൂടെയും ലഭിക്കും. എത്ര സമയം നിങ്ങൾ വഞ്ചിതരായിരിക്കുന്നു. അനേകം മതങ്ങളാണ് അതുകൊണ്ടാണ് ഭക്തിമാർഗ്ഗം ബ്രഹ്മാവിന്റെ രാത്രിയെന്ന് പറയുന്നത്. കഷ്ടപ്പാടനുഭവിച്ചനുഭവിച്ച് ദുർഗതി പ്രാപിച്ച് പാപാത്മാവായി മാറുന്നു. വികാരത്തിലൂടെ ജന്മമെടുക്കുന്നവരെ തന്നെയാണ് പാപാത്മാവെന്ന് പറയുന്നത്. ശ്രീകൃഷ്ണൻ വികാരത്തിലൂടെയാണ് ജൻമമെടുത്തതെന്ന് നിങ്ങൾ പറയില്ല. ഒരിക്കലുമല്ല, കൃഷ്ണൻ യോഗബലത്തിലൂടെയാണ് ജന്മമെടുക്കുന്നത്. ഈ കാര്യങ്ങളെ നിങ്ങൾ ഗൃഹസ്ഥ ധർമ്മത്തിലുള്ള ഭാരതവാസികൾക്കറിയാം. സന്യാസികൾക്കറിയില്ല, അംഗീകരിക്കുകയുമില്ല.

ബാബ പറയുന്നു ഓമനകളായ കുട്ടികളേ സത്യയുഗത്തിൽ നിങ്ങൾ പവിത്ര പ്രവർത്തീ മാർഗ്ഗത്തിലായിരുന്നു പിന്നീട് പുനർ ജന്മങ്ങളെടുത്ത് പതിതവുമാകുന്നു. ഭാരതം പവിത്രമായിരുന്നു, ദേവതകളുടെ രാജ്യമായിരുന്നു. അവിടെ ശാന്തിയുമുണ്ടായിരുന്നു, യഥാർത്ഥത്തിൽ ശാന്തിയുടെ ധാമം, നിർവ്വാണധാമമാണ് എന്നാൽ സത്യയുഗത്തിൽ നിങ്ങൾക്ക് സമ്പത്ത് ലഭിച്ചിട്ടുണ്ട് അതുകൊണ്ട് അവിടെയും ഒരിക്കലും അശാന്തി ഉണ്ടാകുകയില്ല. പരസ്പരം ദുഃഖം നൽകി ഒരിക്കലും അശാന്തമാക്കില്ല. ആരും ആർക്കും ദുഃഖം നൽകില്ല. ഇവിടെയാണെങ്കിൽ മക്കൾ പോലും മാതാ പിതാക്കൾക്ക് ദുഃഖം നൽകി അശാന്തമാക്കുന്നു. ഇപ്പോൾ നിങ്ങൾ ശാന്തിയുടെ സാഗരനിൽ നിന്ന് സമ്പത്തെടുത്തു കൊണ്ടിരിക്കുന്നു. അവിടെ യാതൊരു തരത്തിലുള്ള യുദ്ധമോ ലഹളകളോ ഉണ്ടായിരിക്കില്ല. ഇവിടെയും നിങ്ങൾക്ക് ആ അവസ്ഥ വേണം. പരസ്പരം ഉപ്പുവെള്ളമാകരുത്. ഏറ്റവും ആദ്യം ഈ നിശ്ചയം വേണം - പരിധിയില്ലാത്ത ബാബ വന്നിരിക്കുകയാണ്, നമ്മളെ ദുഃഖത്തിന്റെ ലോകത്തിൽ നിന്ന് വീട്ടിലേക്ക് കൊണ്ട് പോകും. സത്യയുഗത്തിൽ ബാബ വരില്ല. ഇവിടെ വന്ന് ഈ ജനാലകളിലൂടെ (കണ്ണുകളിലൂടെ) നിങ്ങളെ കാണുന്നു. ഇദ്ദേഹത്തന്റെ ആത്മാവും കാണുന്നുണ്ട്, ശിവബാബയും കാണുന്നുണ്ട്. ഒരു ശരീരത്തിലെങ്ങനെ രണ്ടാത്മാക്കളുണ്ടാകാൻ സാധിക്കും, മനുഷ്യർ അംഗീകരിക്കില്ല. നോക്കൂ നിങ്ങൾ ബ്രാഹ്മണരെ കഴിപ്പിക്കുന്നു, പതിയുടെ അല്ലെങ്കിൽ പിതാവിന്റെ ആത്മാവിനെ വിളിക്കുന്നു, അവർ വന്ന് സംസാരിക്കുകയും ചെയ്യുന്നു. അവരോട് സംസാരിക്കുമ്പോൾ രണ്ട് ആത്മാക്കളായില്ലേ. ബാബ പറയുന്നു ആ ആത്മാക്കൾ വന്ന് ഇരിക്കുന്നില്ല. അത് സാധ്യമല്ല. ബാബയ്ക്ക് സ്വന്തം ശരീരമില്ല. അതുകൊണ്ട് ബാബയ്ക്ക് വരാൻ സാധിക്കില്ലേ. സാധാരണ വൃദ്ധശരീരത്തിൽ ഭഗീരഥൻ അർത്ഥം ഭാഗ്യശാലീ രഥത്തിലാണ് വരുന്നത്, അയ്യായിരം വർഷങ്ങൾക്ക് മുൻപും ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു. തീർച്ചയായും മനുഷ്യ ശരീരത്തിലല്ലേ വരിക അല്ലാതെ കാളയുടെ ശരീരത്തിലാണോ? സൂക്ഷ്മ വതനത്തിൽ ശങ്കരന്റെ മുന്നിൽ കാള എവിടെ നിന്ന് വന്നു? അഥവാ ശങ്കരന്റെ അല്ലെങ്കിൽ ശങ്കരന്റെയും പാർവ്വതിയുടെയും പൂജ ചെയ്യുകയാണെങ്കിൽ ഞാൻ സാക്ഷാത്ക്കാരം നൽകും. അതിൽ അവർ കാണിച്ചിരിക്കുന്നത് ശങ്കരൻ പാർവ്വതിക്ക് കഥ കേൾപ്പിച്ചു എന്നാണ്, അത് അസത്യമാണ്. ശങ്കരൻ എന്തിന് കഥ കേൾപ്പിക്കണം? സൂക്ഷ്മവതനത്തിൽ അതിന്റെ ആവശ്യമില്ല. നിങ്ങൾ ഫരിസ്തകളാകുമ്പോൾ കഥ പൂർത്തിയാകും. കഥ കേൾപ്പിക്കുന്നത് പതിതനെ പാവനമാക്കുന്നതിന് വേണ്ടിയാണ്. ബാബ അമരകഥ കേൾപ്പിക്കുന്നു, അമര ലോകത്തിലേക്ക് കൊണ്ട് പോകുന്നതിന് യോഗ്യരാക്കുന്നു. അമരലോകമെന്ന് സത്യയുഗത്തെയാണ്

പറയുന്നത്. ഇത് മൃത്യുലോകമാണ്.

ഇന്ന് ബാബ ചോദിച്ചു ശിവബാബ കുളിക്കാറുണ്ടോ? പറഞ്ഞു, ബാപ്ദാദ കുളിക്കാറുണ്ട്. ബാബ പറഞ്ഞു സ്നാനം ചെയ്യുന്നത് ദാദയല്ലേ. ശിവബാബ എന്തിന് കുളിക്കണം! ബാബയ്ക്ക് ശൗച്യാലയത്തിൽ പോകേണ്ടതില്ല സ്നാനം നടത്തുന്നതിനായി. ശിവൻ അഭോക്താവല്ലേ. ഇത് വിവേകത്തിന്റെ കാര്യമല്ലേ. ബാബ കുളിക്കുന്നതിനായി ഒരിക്കലും അപവിത്രമാകുന്നില്ല. ബാബ വരുന്നത് തന്നെ പതിതരെ പാവനമാക്കുന്നതിനാണ്. ചെയ്യുന്നവനും-ചെയ്യിക്കുന്നവനും, അഭോക്താവും, നിശ്ചിന്തനുമാണ്. അകർത്താവെന്ന് പറയുന്നത് തെറ്റാണ്. പതിതരെ പാവനമാക്കുന്നില്ലേ. ചെയ്യുന്നവനും ചെയ്യിക്കുന്നവനുമാണ്. (ചുമ വന്നു) ഈ ആത്മാവിന്റെ ഈ ശരീരമാകുന്ന ഉപകരണം കേടുവന്നതിൽ ശിവബാബ എന്ത് ചെയ്യാനാണ്? ശിവബാബയുടെ ഉപകരണം കേടുവന്നിരിക്കുന്നു എന്ന് നിങ്ങൾ പറയില്ല. ഈ ശരീരം ബാബയുടേതല്ല, കടമെടുത്തതാണ്. ലോണെടുത്ത വസ്തു കേടു വന്നിട്ടുണ്ടെങ്കിൽ ഉടമ സ്ഥനല്ലേ നഷ്ടം. ശിവബാബ ഈ ശരീരത്തിന്റെ ഉടമസ്ഥനല്ല. ഉടമസ്ഥൻ ഈ ബ്രഹ്മാവാണ്. അദ്ദേഹത്തിൽ നിന്ന് അത് കടമെടുത്തതാണ്. ഇത് ഭാഗ്യശാലീ രഥമാണ്. കാള ഒന്നുമാത്രമാണ്. പിന്നീട് ഗോമുഖമെന്നും പറയാറുണ്ട്. ബാബ പറയുന്നു ചില പെൺകുട്ടികൾ അത്രയും സമർത്ഥരല്ല. ആരെയെങ്കിലും ഉയർത്തണമെങ്കിൽ ഞാൻ കുട്ടികളിൽ വന്ന് ഉയർത്തുന്നു. പതിത ലോകത്തിൽ, പതിത ശരീരത്തിൽ തന്നെയല്ലേ വരേണ്ടി വരിക. അതുകൊണ്ട് ആരുടെയെങ്കിലും മംഗളം ചെയ്യുന്നതിനായി ഞാൻ കുട്ടികളിൽ പ്രവേശിക്കുന്നു. കുട്ടികൾക്ക് മനസ്സിലാകില്ല. അവരെക്കാളും ആ കേൾക്കുന്നവർ വളരെ സമർത്ഥരാകുന്നു. ബാബയുടെ ഈ സഹായം ലഭിക്കുന്നു. ഒരാൾ നിശ്ചയബുദ്ധിയാണെങ്കിൽ, പിന്നീട് ദൃഷ്ടി ലഭിക്കുന്നു. ബാബ പറയുന്നു എനിക്ക് പ്രവേശിക്കാൻ സാധിക്കും, എന്നുകരുതി ഞാൻ സർവ്വ വ്യാപിയല്ല. എന്നെ ബഹുരൂപിയെന്ന് എന്തുകൊണ്ടാണ് പറയുന്നത്? ആര് ആരുടെ പൂജ ചെയ്യുന്നോ അവരുടെ സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. സാക്ഷാത്ക്കാരത്തിൽ ശരിക്കും മുന്നിലേക്ക് വരുന്നത് പോലെ കാണുന്നു. വിഷ്ണുവിന്റെ സാക്ഷാത്ക്കാരമുണ്ടാകുന്നു, അപ്പോൾ വിഷ്ണു ചൈതന്യമുള്ളതായിരിക്കും. ശിരസ്സിൽ കൈവയ്ക്കുന്നു. അപ്പോൾ പറയുന്നു എനിക്ക് ചതുർഭുജത്തിന്റെ സാക്ഷാതക്കാരമുണ്ടായി. എന്നാൽ അതിലൂടെ നേട്ടമെന്താണ്? ഒന്നും തന്നെയില്ല. കേവലം മനസ്സ് സന്തുഷ്ടമായി - എനിക്ക് ഭഗവാന്റെ ദർശനമുണ്ടായി. ഭക്തിയിൽ ധാരാളം സാക്ഷാത്ക്കാരങ്ങൾ ഉണ്ടാകാറുണ്ട്, എന്നാൽ അതിലൂടെ സദ്ഗതി പ്രാപിക്കുന്നില്ല. സദ്ഗതി ദാതാവ്, പതിത-പാവനൻ ഒന്നാണെന്ന് പാടുന്നുണ്ടല്ലോ. അത് വിഷ്ണുവാകുക സാധ്യമല്ല. വിഷ്ണു പിതാവേയല്ല. ബാബ ഒന്നാണ് ആ ബാബയുടെ മകനും ഒന്നാണ്- പ്രജാപിതാ ബ്രഹ്മാവ്. പ്രജാപിതാ വിഷ്ണുവെന്നോ ശങ്കരനെന്നോ പറയില്ല. പ്രജാപിതാവ് ഒന്നാണ്, പിന്നീട് അവരിലൂടെയാണ് ബ്രാഹ്മണരുടെ ദത്തെടുക്കൽ നടക്കുന്നത്. കുട്ടികൾക്കറിയാം നമ്മൾ ആദ്യം ബ്രാഹ്മണരാകുന്നു പിന്നീട് ദേവതയാകുന്നു. ബ്രാഹ്മണരുടെ മാല കൃത്യമായി ഉണ്ടാക്കാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ കയറിയിറങ്ങിക്കൊണ്ടിരിക്കുന്നു. ചിലർ വീണും, ചിലർ മരിച്ചുകൊണ്ടുമിരിക്കുന്നു. പിന്നെന്ത് ചെയ്യും! അവരെ കളയാൻ പറ്റുമോ? രുദ്രമാല അന്തിമത്തിൽ മാത്രമാണ് കൃത്യമായി തയ്യാറാകുക. ഈ മധുരമധുരമായ കാര്യങ്ങൾ ബാബ മാത്രമാണ് കേൾപ്പിക്കുന്നത് മറ്റാർക്കും തന്നെ അറിയില്ല. ഹേ രാമാ ലോകം ഉണ്ടായിട്ടേയില്ല... ഇങ്ങനെ പറയുന്ന എത്ര പേരുണ്ട്. ഇപ്പോൾ രാമചന്ദ്രൻ ഇവിടെ നിന്ന് പ്രാലബ്ധം എടുത്തുകൊണ്ടു പോകുകയാണ്, ത്രേതായിൽ പോയി രാജാവാകുന്നു, ലോകം ഉണ്ടായിട്ടേയില്ല എന്ന് വസിഷ്ഠനിരുന്ന് ജ്ഞാനം കൊടുക്കാൻ ആ രാമന് അജ്ഞാനം എവിടെ നിന്ന് വന്നു? ഇത് സൃഷ്ടിയുടെ ചക്രമാണ്. എല്ലാ കാര്യത്തിലും ആശയക്കുഴപ്പത്തിലായിരിക്കുന്നു. ആർക്കും അറിയില്ല, മനസ്സിലാക്കാനും സാധിക്കില്ല. ശിവബാബയെ തന്നെ അപ്രത്യക്ഷമാക്കിയിരിക്കുന്നു. ശിവ ജയന്തി ആഘോഷിക്കുന്നുണ്ട്, എന്നാൽ മനസ്സിലാക്കുന്നില്ല. കൃഷ്ണൻ തന്നെയാണ് കറുത്തവനാകുന്നത്. ബാബ വരുന്നത് തന്നെ അപ്പോഴാണ് എപ്പോഴാണോ കൃഷ്ണനെ കറുപ്പിൽ നിന്ന് വെളുപ്പിക്കേണ്ടത്. ശിവ ജയന്തിക്ക് ശേഷം ഉടനെതന്നെ കൃഷ്ണന്റെ ജന്മമുണ്ടാകുന്നു. ശിവബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നു, ആരെ? ബ്രാഹ്മണരെ. പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലിയെ. അവരാണ് പിന്നീട് രാജാവും റാണിയുമാകുന്നത്. ശിവബാബ പോയതിന് ശേഷം ലക്ഷ്മീ-നാരായണന്റെ രാജ്യമാണ് ഉണ്ടാകുന്നതെങ്കിൽ ബാബ തന്നെയാണ് കൃഷ്ണനെ ഇങ്ങനെയാക്കിയത്. അവർ പിന്നീട് ബാബയ്ക്ക് പകരം കൃഷ്ണന്റെ പേരെഴുതി വച്ചു. കൃഷ്ണനെ ദ്വാപരത്തിലേക്കും കൊണ്ടുപോയി. ഇപ്പോൾ ശിവബാബ രാജയോഗം പഠിപ്പിക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ സ്വർഗ്ഗത്തിന്റെ രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്, വേറെയും അനേകം രാജകുമാരൻമാരും രാജകുമാരിമാരും ഉണ്ടാകുന്നു. സംഗമത്തെയും സത്യയുഗത്തെയും ആർക്കും തന്നെ അറിയില്ല. ഞാൻ വരുന്നത് തന്നെ കൽപത്തിന്റെ സംഗമത്തിലാണ്. അവർ പിന്നീട് യുഗ-യുഗങ്ങളിലെന്ന് പറഞ്ഞു. യുഗങ്ങൾ നാലാണുള്ളത്. ദ്വാപരത്തിന് ശേഷം കലിയുഗമാണ്. അങ്ങനെയെങ്കിൽ ആ ദ്വാപര യുഗത്തിൽ വന്ന് എന്ത് ചെയ്യാനാണ്? ഇറങ്ങുന്ന

കലയിലേക്ക് എല്ലാവർക്കും പോകുക തന്നെ വേണം. എന്റെ പാർട്ട് അപ്പോഴാണ് എപ്പോഴാണോ കയറുന്ന കല വരുന്നത്, ഇവർക്കാണെങ്കിൽ താഴെയിറങ്ങുക തന്നെ വേണം. നിങ്ങൾ കുട്ടികൾക്ക് 84 ജന്മങ്ങൾ പൂർത്തിയാക്കണം. ഏറ്റവും ഉയർന്നത് ബ്രാഹ്മണ വർണ്ണമാണ്. ബ്രാഹ്മണൻ പിന്നീട് ദേവതാ, ക്ഷത്രിയൻ.... ഈ വർണ്ണങ്ങളുടെ മഹിമയും ഭാരതത്തിലാണുള്ളത്. വിരാഢ രൂപത്തിന്റെയും ചിത്രമുണ്ടാക്കാറുണ്ട്, അതിൽ ബ്രാഹ്മണരെയും, ശിവനെയും അപ്രത്യക്ഷമാക്കിയിരിക്കുന്നു. ഈ കാര്യങ്ങൾ ഒരു ശാസ്ത്രങ്ങളിലുമില്ല. ശിവബാബ വന്ന് ബ്രഹ്മാവിലൂടെ ദത്തെടുക്കുന്നു. ശൂദ്രനിൽ നിന്ന് ബ്രാഹ്മണനാക്കുന്നു. ബാക്കി സൂക്ഷ്മവതനവാസിയായ ബ്രഹ്മാവിനെങ്ങനെ പ്രജാപിതാവാകാൻ സാധിക്കും. ആദ്യം അത് നമ്മുടെ അച്ഛനും ടീച്ചറും ഗുരുവുമാണെന്ന പൂർണ്ണ നിശ്ചയം ഉണ്ടായിരിക്കണം. സദ്ഗതി ദാതാവ് ഒരാളാണെന്ന് പറയാറുമുണ്ട് എന്നാൽ അവരുടെ പേരും രൂപവും ദേശവും കാലവും അറിയില്ല. ശരി –

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ശാന്തിയുടെ സാഗരനായ ബാബയിൽ നിന്ന് ശാന്തിയുടെയും–സുഖത്തിന്റെയും സമ്പത്തെടുത്ത് ശാന്ത ചിത്തരായി കഴിയണം. ഉപ്പുവെള്ളമാകരുത്.

2) ബാബയ്ക്ക് സമാനം അന്ധരുടെ ഊന്നുവടിയാകണം. ബാബയുടെ സഹായം നേടുന്നതിന് വേണ്ടി നിശ്ചയബുദ്ധിയായി സേവനം ചെയ്യണം.

## വരദാനം:– ഒന്നിന്റെ പാഠത്തെ സ്മൃതിയിൽ വച്ച് തപസ്യയിൽ സഫലത പ്രാപ്തമാക്കുന്ന നിരന്തര യോഗിയായി ഭവിക്കൂ

തപസ്യയുടെ സഫലതയുടെ വിശേഷ ആധാരമാണ് അഥവാ സഹജമായ സാധനയാണ് – ഒന്ന് എന്ന പാഠം പക്കയാക്കൂ. തപസ്യ അർത്ഥം ഒന്നിന്റേതാകുക, തപസ്യ അർത്ഥം മനസ്സിനെയും ബുദ്ധിയെയും ഏകാഗ്രമാക്കുക, തപസ്യ അർത്ഥം ഏകാന്തപ്രിയരായിരിക്കുക, തപസ്യ അർത്ഥം സ്ഥിതിയെ ഏകരസമാക്കുക, തപസ്യ അർത്ഥം സർവ്വ പ്രാപ്തമായ ഖജനാവുകളെയും വ്യർത്ഥമാകുന്നതിൽ നിന്ന് സംരക്ഷിക്കുക അർത്ഥം ഇക്കണോമി ചെയ്യുക. ഈ ഒന്നിന്റെ പാഠത്തെ സ്മൃതിയിൽ വയ്ക്കൂ എങ്കിൽ നിരന്തരയോഗി സഹജയോഗിയാകും. പരിശ്രമത്തിൽ നിന്ന് മുക്തമാകും.

## സ്ലോഗൻ:– ആജ്ഞാകാരി അവരാണ് ആരാണോ മനസ്സിനെയും ബുദ്ധിയെയും മൻമത്തിൽ നിന്ന് സദാ ശൂന്യമാക്കി വയ്ക്കുന്നത്.